ബഹുമുഖപ്രശസ്തിയും വല്ലോജ്വല പ്രതിഭയും സമന്വയിച്ച മഹാ പുരുഷനായിരുന്നുവല്ലോ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ. മദിരാശി നിയമനിർമ്മാണ സഭയിൽ ഒരുജ്വലപ്രഭാഷണം നടത്തി പൊടുന്നനെ നാടകീയമായിട്ടായിരുന്ന അന്ത്യമെന്നതു അദ്ദേഹത്തിന്റെ ഭാഗ്യമായി, സാഹിത്യമണ്ഡലറിയാത്ത പഴമക്കാർ പുകഴ്ത്തും; നമ്മപ്രധാനമായി നിരവധി കഥകളും ഉപന്യാസങ്ങളുമായി എഴുതിയെങ്കിലും അവയെ സമാഹരിച്ചു പുസ്തകമാക്കാനൊന്നും നായനാർ ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ അവയിൽ ഇരുപത്തഞ്ചെണ്ണം തേടിപ്പിടിച്ചു് നായനാരുടെ അനുമതി വാങ്ങി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച സി. ഡി. ഡേവീഡ് അവർകളോടു് 'കേരളഭാഷാഭിമാനികളും എന്നെന്നും കൃതജ്ഞതയുള്ളവരായിരിക്കുന്നതാണു്" എന്നു് പ്രസ്തുതഗ്രന്ഥത്തിനുവേണ്ടി നായനാരുടെ ജീവചരിത്രക്കുറിപ്പെഴുതിയ മൂക്കോത്തു കുമാരൻറെ അഭിപ്രായം എത്രശരി:

നായനാരുടെ വാങ്മയങ്ങളെല്ലാം ഫലിതമയമാണെങ്കിലും അവയിൽ 'ഇന്നതു് ചെറുകഥ, ഇന്നതു് സ്വാനുഭവം, ഇന്നതു് വെറും ലേഖനം' എന്നു ഇനം തിരിക്കുക വിഷമമാണു്. അദ്ദേഹത്തിന്റെ നാട്ടെഴുത്തശ്ശന്മാർ പല പാഠപുസ്തകങ്ങളിലും പ്രത്യക്ഷപ്പെട്ടു് കൂടുതൽ പ്രസിദ്ധിയാർജ്ജിക്കുകയും ചെയ്തു. എന്നാൽ ചെറുകഥാരൂപത്തിൽ ശ്രീ നായനാർ 1069 തുലാം ലക്കം വിദ്യാവിനോദിനിയിൽ ചേർക്കാനെഴുതിയ 'ശീട്ടുകളി' വേണ്ടത്ര ശ്രദ്ധിയ്ക്കപ്പെട്ടിട്ടില്ല എന്നു തോന്നിപ്പോവുകയാണു്. വിജ്ഞാനവും ഫലിതവും കിറുകൃത്യമായി ചേരുന്ന അതിൽ പുതുമയും തനിമയും പ്രത്യേകമായുണ്ടു്. അതൊന്നു സഹൃദയശ്രദ്ധയിൽ പെടുത്തുകയാണു് എന്റെ ഉദ്യമം.

ശ്രീ വിശാഖം തിരുനാൾ മഹാരാജാവു് തിരുവനന്തപുരം പദ്മനാഭസ്വാമി ക്ഷേത്രത്തിൽ മുറജപം കെങ്കേമമായി നടത്തുന്നു. വടക്കു് പെരിഞ്ചല്ലൂർ ഗ്രാമക്കാരനായ ഒരു നമ്പൂതിരിയുണ്ടു് ഒരു ക്ലാസല്ലം

അമ്പലത്തിലെ ശീട്ടുകളി

സി കെ. മൂസ്സതു്

കൂടാതെ വടക്കെ അമ്പലത്തിലെ വേദവ്യാസ പ്രതിഷ്ഠക്കു് പടിഞ്ഞാറു് ഒരിരുട്ടുമുറിയിലെ നിലവിളക്കത്തു് ഒരു കൂട്ടം ശീട്ടെടുത്തു് കശക്കി രസിക്കുന്നു! സംഗതി കണ്ണാകണ്ണികയാ തൃശ്ശൂർ വാദ്ധ്യാൻ നമ്പൂതിരിയുടെ കീഴിലുള്ള ആശ്രമം പട്ടേരി അറിഞ്ഞുവശായി. എല്ലാ തരം വിനോദങ്ങളും കർശനമായി വിലക്കിയിരുന്ന അക്കാലത്തു് ധിക്കാരിയായ വടക്കേ മലയാളബ്രാഹ്മണനെ വെറുതെ വിടാൻ പാടില്ല. പ്രവൃദ്ധ കോപാവേശത്താൽ കൈവിരൽ വിറപ്പിച്ചുകൊണ്ടുള്ള പട്ടേരിയുടെ താക്കീതൊന്നും നമ്പൂരി കണ്ട ഭാവം നടിക്കുന്നുമില്ല. ഒട്ടും താമസമുണ്ടായില്ല, നമ്പൂരി തൊണ്ടിസഹിതം വലിയ കൊട്ടാരത്തിൽ

മഹാരാജാവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടു.

ശീട്ടുകളിക്കമ്പക്കാരനാണെങ്കിലും നമ്പൂരിയ്ക്കു ചങ്ങാത, പദം, ശാഖ ആശൗചം, പ്രായശ്ചിത്തം ഈവകയൊക്കെ കൂട്ടുകൂടിയാണു്. ട്ടുക്കും യജുസ്സും വെള്ളം എന്നു പറഞ്ഞാൽ വെള്ളം. പക്ഷേ ദ്വിവേദിയായ നമ്മുടെ നമ്പൂതിരി ശീട്ടുകളി ഭ്രമം മൂലം സ്വപ്നത്തിൽ കൂടി ചിലപ്പോഴും നാലട്ടി മറാസ്സു-തനി-ഇസ്പേട്ടു് പത്തിനസലാം ഭേസ്സു്" എന്നെല്ലാം പറയുന്ന കൂട്ടത്തിലായിരുന്നെന്നു് നായനാരുടെ വിവരണം കൊണ്ടറിയാം. ശ്രീവിശാഖത്തെക്കുറിച്ചുമുണ്ടു് ഒരു ചെറുവിവരണം. വിദ്വൽപ്രിയനും കലാരസികനും മറ്റുമാണെങ്കിലും മൂക്കിന്റെ മുനയിലാണു് അവിടത്തേക്കു് കോപം. നീണ്ട മുഖവും ഭംഗിയിൽ വളഞ്ഞ മൂക്കും ഭയങ്കരമായ കണ്ണും ആകപ്പാടെയുള്ള ഘനവും അവസ്ഥയും ക്ഷമയില്ലായ്മയും ഒക്കെ ഓക്കുമ്പോഴും വിറക്കാത്തവർ അക്കാലത്തു് ചുരുക്കമായിരുന്നത്രേ.

രാവണ സന്നിധിയിൽ ഹനുമാനെയെന്നപോലെ, നമ്പൂരിയെ ഹാജരാക്കിയ ആരുരപട്ടേരിയോടു് മഹാരാജാവു ചോദിച്ചു. 'എന്തൊന്നാണു് ഈ നമ്പൂരിയുടെ സങ്കടം?' ഇദ്ദേഹത്തിന്റെ ജപകൃത്താൻ കല്പനയുണ്ടാകണമെന്നായിപട്ടേരി. 'എന്താണു് കാരണം? കാഴ്ചയ്ക്കു യോഗ്യനാണല്ലോ' എന്നു മഹാരാജാവും. പത്മനാഭ സ്വാമി ക്ഷേത്രത്തിനകത്തു് ശീട്ടുകളിക്കയായിരുന്നു തനിച്ചിരുന്ന ഇയ്യാളെന്നു കേൾക്കേണ്ട താമസം, 'അത്രയ്ക്കോ ആരവിടേ!' എന്നു മഹാരാജാവു് ഉച്ചത്തിൽ ആക്രോശിച്ചതൊന്നും കാര്യമാക്കാതെ പതിഞ്ഞ സ്വരത്തിൽ നമ്പൂതിരി ഉണർത്തിച്ചു: 'കല്പിച്ചാൽ-ദീർഘായുസ്സായിരിക്കട്ടേ. പെരിഞ്ചല്ലൂർ ഗ്രാമത്തിൽ നിന്നു വരുകയാണു്. നടാടെയാണെങ്കിലും പ്രായമായല്ലോ. യാത്രാക്ഷീണം തീർക്കാൻ ഒരു കൂട്ടം ശീട്ടെടുത്തു ഈശ്വരധ്യാനം ചെയ്യുകയായിരുന്നു. കഥയറിയാതെ ആരോ പട്ടേരി എന്നെ കുഴപ്പത്തിലാക്കി. 'ശീട്ടുകളം മലത്തിയും കമഴ്ത്തിയുമാണോ അങ്ങയുടെ ഈശ്വരധ്യാനം!' എന്നു മഹാരാജാവു് ശബ്ദമുയർത്തി ചോദിച്ചു.

'തിരുവുള്ളക്കേടരുതു്. ഉണർത്തിക്കുന്നതു് ചെവിക്കൊള്ളണം.' എന്ന ആമുഖത്തോടെ ഒരു ശീട്ടെടുത്തു പൊക്കി ഇതു് ആസ്സാണെന്നു് പറഞ്ഞു. അക്ഷരസ്ഫുടതയോടെ ഒരു ശ്ലോകവും.

'ഏകോദേവ സ്സുവ്വ്രതേഷു ഗൂഢ:' എന്നാരംഭിക്കുന്ന ശ്ലോകം. ഏകോസതു് വിപ്രാബഹുധാവദന്തി എന്ന തത്വമാണു് ആ ശീട്ടിന്റെ ധ്വനി. രണ്ടെണ്ണമുള്ള ശീട്ടാണെങ്കിൽ അദ്വൈതാചാര്യൻ ശ്രീശങ്കരന്റെ സൗന്ദര്യ ലഹരി ശ്ലോകത്തെ ഓർമ്മപ്പെടുത്തുകയാണു് എപ്പോഴും.

ശിവശ്ശക്ത്യാ യുക്തോ യദിഭവതി
ശക്ത: പ്രഭവിതും
നചേദേവം ദേവോ നഖലു കുശല:
സ്പന്ദിതുമപി.

മൂന്നാമത്തെ ശീട്ടിൽ താൻ വായിച്ചതു് 'ത്രിഭിർഗ്ഗുണമയൈ ഭാവൈരേഭിസ്സർവ്വമിദം ജഗദ് മോഹിതം നാഭിജാനാതി മാമേഭ്യ: പരമവ്യയം' എന്നൊക്കെയാണു്.

നാലാമത്തെ ശീട്ടുപൊക്കിയതാ നമ്പൂരി ചൊല്ലുന്നു ഒരു ഗീതാ ശ്ലോകം.

ചതുർവിധാ ഭജന്തേമാം
ജനാ: സുകൃതിനോർജ്ജുന
ആർത്തോജിജ്ഞാസുരർത്ഥാർത്ഥീ
ജ്ഞാനീച ഭരതർഷഭ

തുടർന്നു പഞ്ചാക്ഷര മന്ത്രത്തിന്റെ പ്രാധാന്യവും ശിക്ഷ, കല്പം, വ്യാകരണം,

* സംഗീത പുരുഷനാരദീയം

നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് എന്നീ ആറു വേദാംഗങ്ങളുടെ താല്പര്യവും സപ്ത ഷ്ടിമാരുടെ ഊറവും മറ്റും മനനം ചെയ്യേണ്ട കാര്യമായി തനിയ്ക്കു തോന്നി. ആരും പട്ടേരി ഇരുട്ടത്തു ഇതൊന്നും അറിഞ്ഞതു മില്ല.

ഭൂമിരാപോനലോ വായു:
ഖമ്മനോ ബുദ്ധിരേവച
അഹംകാര ഇതീയമ്മേ
ഭിന്നാപ്രകൃതി രഷ്ടധാ.

എന്ന എട്ടിന്റെ സൂചനയും നവഗ്രഹങ്ങളുടെ വൈശിഷ്ട്യവും മഹാരാജാവിനും മനസ്സിലാവുമെന്നോർത്തു താൻ പരിഭ്രമിച്ചില്ല എന്ന നമ്പൂരി പിടിച്ചു നിന്നു. മഹാരാജാവു് കണ്ണടച്ചിരുന്നു.

നവദ്വാരവപു: കുംഭേ
ജീവിതാംഭ: പ്രതിഷ്ഠിതം
തിഷ്ഠതീത്യദ്ഭുതം ലോകേ
ഗച്ഛതീതികിമദ്ഭുതം

ഈ ദേഹത്തിനകത്തു് ജീവൻ നില്ക്കുന്നതാണു് വാസ്തവത്തിൽ അത്ഭുതം. ഭഗവാന്റെ ദശാവതാരകഥയൊക്കെ താൻ സ്മരിച്ചു. മാത്രമല്ല മഹാരാജാവിന്റെ തിരുനാമം, അതെ രാമനാമത്തിന്റെ അക്ഷരസംഖ്യ അമ്പത്തി രണ്ടാണല്ലോ. ഒരു കൂട്ടം ശീട്ടിലും അമ്പത്തിരണ്ടു എണ്ണമുണ്ടു്.

ഇതിലെ ചാതുവർണ്യം ഉച്ചനീചസ്വഭാവമുള്ളതല്ല എന്ന വിശേഷവിധി ഏവരുമറിഞ്ഞേ പറ്റൂ. പന്ത്രണ്ടു ചിത്രങ്ങളുള്ളതു് പന്ത്രണ്ടു രാശികളേയും ദ്വാദശകലകളേയും സൂചിപ്പിക്കുമെന്നു് എത്ര പേർ ഓർക്കുന്നു. ഓരോ വഗ്ഗത്തിൽ പതിമൂന്നു ശീട്ടുള്ളതിന്റെ സാരം രാവണാദി രാക്ഷസപ്രകൃതക്കു് അത്ഥനാശം, പ്രാണഹാനി, അപകീർത്തി എന്നിവ വരുത്തിയ രാഗം, ദ്വേഷം, കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഈർഷ്യ അസൂയ, ഡംഭം, ദർപ്പം, അഹങ്കാരം എന്നിങ്ങനെയുള്ള പതിമൂന്നു ചിത്തവൃത്തികളെ മുമുക്ഷുക്കളായുള്ളവർ വർജ്ജിക്കേണ്ടിയിരിക്കുന്നുവെന്നതല്ലേ? രാമായണ കഥാരംഗങ്ങളും ചിത്രമണ്ഡപത്തിൽ കൊത്തിവച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു്. രാജാ, റാണി, ജാക്കി, ഇതുകളുടെ രൂപവ്യക്തികൊണ്ടു് ഇച്ഛാ, ഭക്തി, ശ്രദ്ധ, എന്ന മുന്നു ചിത്തവൃത്തികളെ സ്വീകരിച്ചു് ആനന്ദ പ്രാപ്തിയും യോഗക്ഷേമവും പരക്കേ ഉണ്ടാകുമെന്നീ തത്വങ്ങളും മുറജപക്കാലത്തു് മനനം ചെയ്യുന്നതു് തെറ്റാകുമോ? രാജാവിനെ കാമരാജനും രാജരാജാച്ചിതയായിരിക്കുന്ന റാണിയെ ശ്രീ ലളിതാപരാഭട്ടാരകാംബാദേവിയുമായി സങ്കല്പിക്കേണ്ടതു കടമയാണു്.

യേ യഥാ മാം പ്രപദ്യന്തേ
താം സ്തഥൈവ ഭജാമ്യഹം

ഭഗവദ്യുപാസന ഇന്ന വിധത്തിലേ പാടൂ എന്ന മുക്കുറയിട്ടുന്നതു മഹാകഷ്ടം.

യേന കേന പ്രകാരേണ
യസ്യ കസ്യാപി ദേഹിനഃ
സന്തോഷം ജനയേൽ പ്രജ്ഞഃ
തദേവേശ്വര പൂജനം

എന്ന പ്രമാണം ഉണർത്തിക്കേണ്ടതില്ലല്ലോ.

''ഇത്രയും യുക്തിയുക്തമായും സരസമായും തന്റെ അമ്പലത്തിൽ മുറജപക്കാലത്തുണ്ടായ ശീട്ടുകളിയെക്കുറിച്ചു ഉപന്യസിച്ചപ്പോൾ മഹാരാജാവു് വളരെ സന്തോഷിച്ചുവശാകയും ഉടനെ ഒരു സാദ്ധ്യായ കിണ്ടിയും രണ്ടു പട്ടുകരയും കല്പിച്ചു കൊടുത്തതു കൂടാതെ, ലക്ഷദ്വീപത്തിനു് പിറേറ ദിവസം ആറാട്ടുകഴിഞ്ഞു് കിഴക്കേ ഗോപുരത്തിൽ വച്ചു രണ്ടു കിഴിയും വേറെ വിശേഷവിധി ദാനങ്ങളും കൊടുത്തു മഹാബ്രാഹ്മണനെ സന്തോഷിപ്പിച്ചതായി കേട്ടിട്ടുണ്ടു്. വാസ്തവം ഏതു വിധത്തിലായാലും യോഗ്യനായ ആ മഹാ

ബ്രാഹ്മണനു് രാജകരത്തിങ്കൽ നിന്നു് കല്പിച്ചു കിട്ടിയ വെള്ളിക്കിണ്ടി ഇന്നും കൈവശമുണ്ടു്.'' ഇങ്ങനെയാണു് നായനാർ 'ശീട്ടകളി' അവസാനിപ്പിക്കുന്നതു്.

ഈ കഥ വായിച്ച ഞാൻ അത്ഭുതപ്പെട്ടു. ഇതുയും വിശദാംശങ്ങളും ഒപ്പിക്കാൻ എങ്ങിനെ കഥാകാരനു് കഴിഞ്ഞു എന്നു്. ഇതേ പുസ്തകത്തിന്റെ ആദ്യഭാഗത്തുള്ള ജീവചരിത്രക്കുറിപ്പിലെ ഒരു ഖണ്ഡിക ഞാൻ ശ്രദ്ധിച്ചപ്പോഴാണു് അനുഭവപ്പെട്ടായ വരുത്താൻ കഴിഞ്ഞതിന്റെ രഹസ്യം ബോധ്യമായതു്. പെരിഞ്ചല്ലൂർക്കാരൻ യോഗ്യനായ ആ മഹാ ബ്രാഹ്മണൻ മറ്റാരുമല്ല ശ്രീ നായനാരുടെ പിതാവു തന്നെ! കേരളത്തിലെ പിതാവിനെക്കുറിച്ചു മൂക്കോത്തു നൽകിയ വിവരണം. ''പെരിഞ്ചല്ലൂർ ഗ്രാമത്തിൽ സർവ്വഥാ യോഗ്യനും വിദ്യാ സമ്പന്നനും മാന്യനുമായിരുന്ന പുളിയപ്പടമ്പു് ഹരിദാസൻ സോമയാജിയാണു് നായനാരുടെ അച്ഛൻ. ആ ബ്രാഹ്മണൻ ബ്രാഹ്മണർക്കു വേണ്ടുന്ന എല്ലാ അറിവും ആചാരങ്ങളും ഉള്ള ഒരു പൂജ്യനും ഒരു ദ്വിവേദിയും ആയിരുന്നു. പ്രാഭവം ലേശമില്ലാതെ ബഹുരസികനും സഭ്യനുമായിരുന്ന സോമയാജിയെ പെരിഞ്ചല്ലൂർ ഗ്രാമത്തിലും സമീപ പ്രദേശത്തും ഉള്ളവർ ഇന്നും സ്നേഹ ബഹുമാനപുരസ്സരം ഓർമ്മിക്കുന്നു. ശ്രീ വിശാഖം തിരുനാൾ മഹാരാജാവു് തിരുമനസ്സിലെ കാലത്തുണ്ടായിരുന്ന മുറ ജപത്തിനു് പോയപ്പോൾ വിശേഷ വിധിദാനങ്ങൾ മേടിച്ചതു കൂടാതെ പ്രത്യേകം ചില സമ്മാനങ്ങളും വാങ്ങിയിരുന്നു'!

കൊ. വ. 1067ൽ തന്റെ 77-ാം വയസ്സിൽ സോമയാജിപ്പാടു് അന്തരിച്ചതായി പറയപ്പെടുന്നു. നായനാരുടെ അമ്മ മരിക്കുന്നതു് 1071ലും. വിദ്യാവിനോദിനിയിലെ ശീട്ടകളി പ്രത്യക്ഷപ്പെടുന്നതു് 1069ലാണെന്നാണു്; പേരു് വെച്ചു് പ്രസിദ്ധപ്പെടുത്തിയതുമായിരുന്നില്ല. അമ്പലത്തിൽ ശീട്ടകളി നടത്തി രാജ കരത്തിൽ നിന്നു് വെള്ളിക്കിണ്ടി വിശേഷ സമ്മാനം വാങ്ങിയ പിതാവിനോടുള്ള ആദരാഞ്ജലി കൂടി ഉദ്ദേശിച്ചായിരിക്കാം ഈ ചെറുകഥ നായനാർ കുറിച്ചിരിക്കുക. പണ്ഡിതനായ പിതാവിനു് ഈശ്വര ഭക്തിയിലൂടെ വേദവ്യാസ പ്രതിഷ്ഠയുണ്ടായ ഇരുട്ടുമുറിയിലെ ശീട്ടകളി മതിയെങ്കിൽ മകനു് പിതൃസ്മരണക്കു് ഒരു ചെറുകഥയിലൂടെയും ആകാം. ഈ വസ്തുത ആവശ്യമുള്ളവർ അറിഞ്ഞാൽ മതിയെന്നാണോ നായനാരുടെ ഇംഗിതം? ഏതായാലും ഈ ശീട്ടകളി സർവ്വഥാ ശ്രദ്ധേയമായി എനിക്കു് തോന്നുന്നു. ★

ദേശീയ ആയുർവ്വേദ ഫാർമ്മസി, & വിഷചികിത്സാലയം
ചെറുതുരുത്തി (കേരളസ്റ്റേറ്റ്)
ഇവിടെ എല്ലാവിധത്തിലുള്ള ആയുർവ്വേദഔഷധങ്ങളും ശാസ്ത്രീയരീതിയിൽ തയ്യാർചെയ്തു് ഏജൻസികൾക്കും വൈദ്യശാലകൾക്കും പ്രത്യേക കമ്മീഷൻനിരക്കിൽ കൊടുക്കുന്നതാണു്. മറ്റുള്ളവർക്കും രോഗവിവരം അറിയിക്കുന്നതായാൽ ചികിത്സ നിശ്ചയിച്ചു മരുന്നുകൾ വി. പി. ആയിഅയച്ചുകൊടുക്കപ്പെടും.
എന്നു്, വൈദ്യൻ : പി. കെ. മേനോൻ, (പ്രൊപ്രൈറ്റർ)